# ചെങ്ങറയിലും നന്ദിഗ്രാം മോഡൽ

പി. ഗീത

ചെങ്ങറയിൽ നടക്കുന്ന സമരം ചെങ്ങറയിലെ ഭൂരഹിതർക്കുമാത്രം വേണ്ടിയുള്ള സമരമല്ല. സമരങ്ങൾക്ക് പ്രാദേശിക പ്രസക്തി മാത്രമല്ല ഉള്ളത്. ചെങ്ങറയിൽ ഭൂമിക്കായി ഒത്തുകൂടിയിരിക്കുന്നത് ചെങ്ങറയിൽനിന്നുള്ളവർ മാത്രമല്ല, കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ദരിദ്ര ഭൂരഹിതരാണ്. അതുകൊണ്ടുതന്നെ ഇത് കേരളത്തിലെ അടിസ്ഥാന വിഭാഗത്തിന്റെ ദരിദ്ര ഭൂരഹിതരുടെ നിലനിൽപിനുള്ള സമരമാകുന്നു. അത് അങ്ങനെത്തന്നെയാണ് സാമാന്യ രാഷ്ട്രീയബോധമുള്ളവർ തിരിച്ചറിയുന്നത്.

എന്നാൽ, ദൗർഭാഗ്യകരമെന്നു പറയട്ടെ, അടിസ്ഥാന ജനവിഭാഗത്തിനുവേണ്ടി നിലകൊള്ളുമെന്ന് പ്രഖ്യാപിച്ച ഇടതുപക്ഷഭരണകൂടം ഈ സമരത്തോട് സ്വീകരിച്ച സമീപനം വീണ്ടും പരിഗണിക്കേണ്ടിവന്നിരിക്കുന്നു. 2005 ആഗസ്റ്റ് 15 നാണ് സാധുജനവിമോചന സംയുക്ത വേദി ചെങ്ങറയിൽ പ്രത്യക്ഷസമരം തുടങ്ങുന്നത്. ഇപ്പോൾ മൂന്നുവർഷം തികയുന്നു. 2007 ആഗസ്റ്റ് 15 മുതൽ അവർ അനിശ്ചിതകാല സമരത്തിലുമാണ്. ഇതിന്റെ ഒന്നാം വാർഷികാഘോഷമാകാം ആഗസ്ററ് മൂന്ന്, നാല് ദിവസങ്ങളിൽ നടന്നത്. അതുമുതൽ സമരം മറ്റൊരു സവിശേഷഘട്ടത്തിലേക്ക് പ്രവേശിക്കുന്നതായി വേണം മനസ്സിലാക്കാൻ.

സമരപരിപാടികൾ ഫണ്ടിംഗ് ഏജൻസികളാണ് എന്നതായിരപുന്നു ആദ്യ വിമർശം. ഫോർഡ് ഫൗണ്ടേഷനടക്കമുള്ളവരിൽനിന്നും പണമൊഴുകുന്നുവെന്നായിരുന്നു ആരോപണം. സംശയമില്ല, സർക്കാരും മുഖ്യധാരാ രാഷ്ട്രീയസംഘടനകളും ജാഗ്രത്താവേണ്ട കാര്യമാണിത്. വിശേഷിച്ച് ഇടതുപക്ഷക്കാർ. എന്നാൽ, അവരിപ്പറഞ്ഞതിലെ ആത്മാർത്ഥതയെ സംശയിക്കാതെ വയ്യ. ഇടതുപക്ഷ സർക്കാരിന്റെ ഔദ്യോഗികാസൂത്രണസമതിയിലുൾപ്പെടെ ഫോർഡ് ഫൗണ്ടേഷന്റെ പണം വാങ്ങുന്ന എൻ.ജി.ഒ പ്രാതിനിധ്യം എങ്ങിനെ വന്നു? ഉത്തരവാദ ടൂറിസത്തിന്റെ ഔദ്യോഗിക മാമ്പലിൽ സർക്കാരുമായി കൈകോർക്കുന്ന ഏഴ് എൻ.ജി.ഒ കളിൽ എത്രപേർക്ക് വിദേശഫണ്ടുണ്ട്? വിദേശ ഫണ്ടിന്റെ ന്യായീകരണം ഈ എഴുത്തിന്റെ ലക്ഷ്യമല്ല. നമുക്ക് ആവാം, നമ്മെ എതിർക്കുന്നവർക്ക് അത് പാടില്ലെന്ന ന്യായം ഇത്രയേറെ പ്രകടമാണെന്നു സൂചിപ്പിക്കുക മാത്രമാണ്.

ആഗസ്റ്റ് മൂന്നിന് വാർഷികാഘോഷം നടത്താനെത്തിയ മനുഷ്യാവകാശപ്രവർത്തകരെ ഹാരിസൺ പ്ലാന്റേഷന്റെ തോട്ടത്തിൽ പണിയെടുക്കുന്ന 'തൊഴിലാളികൾ' തടഞ്ഞു. മാത്രമല്ല, സമരക്കാർക്ക് തൊഴിലാളികൾ ഉപരോധവുമേർപ്പെടുത്തി. തൊഴിൽ, ഭക്ഷണം, മരുന്ന് എന്നിവയെല്ലാം മുടങ്ങി. വാർദ്ധക്യം, രോഗം, വിശപ്പ് ഇവകൊണ്ടു പൊറുതിമുട്ടുകയാണ് സമരക്കാർ. ഈ പ്രതിരോധം നടക്കുമ്പോൾ ആഗസ്റ്റ് 9, 10 ദിവസങ്ങളിലായി പുറത്തുവന്ന വാർത്ത ഇതോടു ചേർത്തുവായിക്കപ്പെടണം. രണ്ടാം ഭൂപരിഷ്ക്കരണമെന്ന ആശയത്തെ സി.പി.എം പൂർണമായും തള്ളുന്നുവെന്നതായിരുന്നു അത്. 1957 ലെ കാർഷികനിയമത്തെ രണ്ടാം ഭൂപരിഷ്കരണ വാദികൾ അട്ടിമറിക്കുന്നെന്ന് പരസ്യമായി ആരോപിച്ചുകൊണ്ടവർ എല്ലാ സെസ് അപേക്ഷകളും അടിയന്തരമായി പരിഗണിക്കാൻ കേന്ദ്രത്തിനു സമർപ്പിക്കുമെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. സെസിലേക്കൊഴുകിയെത്തുന്ന ഫണ്ട് വിദേശമോ സ്വദേശമോ? ചെങ്ങറ സമരസമിതിയിൽ ഭിന്നത രൂക്ഷമാവുന്നതിനെപ്പറ്റിയും ളാഹാ ഗോപാലനിൽ നിന്നും സാധുജന സംയുക്തവേദിയിൽനിന്നും സമരനേതൃത്വം കൈയടക്കാൻ നന്ദിഗ്രാമിലടക്കം അക്രമങ്ങൾക്ക് നേതൃത്വം നൽകിയ ചില സംഘടനകളും ശ്രമിക്കുന്നതിനെപ്പറ്റിയുമുള്ള ദേശാഭിമാനി വാർത്ത ആഗസ്റ്റ് പത്തിനു തന്നെയാണ് പുറത്തുവന്നത്. തൊഴിലാളിസമരത്തെ ന്യായീകരിക്കുന്നതും ആദർശവൽക്കരിക്കുന്നതുമായിരുന്നു ആ വാർത്ത. സമരഭൂമിയിൽ ഭക്ഷണമെത്തിക്കുന്നതിന് തൊഴിലാളികൾ തടസ്സം സൃഷ്ടിക്കുന്നില്ലെന്നും രോഗികളെ അവർതന്നെ ആശുപത്രിലെത്തിക്കുന്നുവെന്നും ദേശാഭിമാനി അതേ വാർത്തയിൽ അവകാശപ്പെട്ടു.

ആഗസ്റ്റ് 9, 10 ദിവസങ്ങളിലെ ഇന്ത്യാവിഷൻ വാർത്താബുള്ളറ്റിനിലൂടെ പുറത്തുവന്നത് ഞെട്ടിക്കുന്ന വാർത്തയായിരുന്നു. സമരഭൂമിയിൽനിന്ന് പുറത്തുപോയപ്പോൾ തങ്ങളെ ചിലർ തട്ടിക്കൊണ്ടുപോയെന്നും പോലിസ് സ്റ്റേഷനിലും മറ്റൊരു കെട്ടിടത്തിലും തടവിലിട്ടുവെന്നും പോലിസ് വേഷത്തിലുള്ളവരും മറ്റു ചിലരും ബലാൽ ആക്രമിച്ചുവെന്നും സ്ത്രീകൾ കരഞ്ഞുകൊണ്ടു പറയുന്നുണ്ടായിരുന്നു. ആഗസ്റ്റ് 10 ന് രാത്രി 10 മണിക്ക് 'വാസ്തവം' പരിപാടിയിൽ സംസാരിച്ച ഒരു സ്ത്രീ പറഞ്ഞത് അവളോടു തട്ടിയും മുട്ടിയും അസഭ്യം പറഞ്ഞതിനെപ്പറ്റിയായിരുന്നു.



ഇക്കാര്യം സത്യമാണെങ്കിൽ സമരത്തിലല്ല, സി.പി.എം നടത്തുന്ന സമരപ്രതിരോധത്തിലാണ് നന്ദിഗ്രാം മോഡൽ വ്യക്തമായും പ്രകടമാകുന്നത്. സമരങ്ങൾക്കു പ്രതിസമരങ്ങൾ നടത്തി പരിഹാസ്യമായ കാലത്തു നിന്ന് അടിസ്ഥാനജനവിഭാഗങ്ങളുടെ സമരങ്ങളെ സമരപ്രതിരോധങ്ങളെന്ന മട്ടിൽ അടിച്ചൊതുക്കുന്ന പശ്ചിമ ബംഗാൾ സമീപനം തന്നെയാണ് ഇവിടെയുമെന്ന് മനസ്സിലാക്കേണ്ടിവരുന്നു. (മൂലമ്പിള്ളിയിൽ പോലീസ് ഉപയോഗിച്ച ബലപ്രയോഗം യാദൃശ്ചികമായിരുന്നില്ല, ഭരണകൂട ഒത്താശയോടെയായിരുന്നുവെന്നുവേണം തിരിച്ചറിയാൻ) സിംഗൂരിൽ ടാറ്റയ്ക്കു വേണ്ടിയാണെങ്കിൽ, ചെങ്ങറയിൽ ഹാരിസൺ മുതലാളിക്കുവേണ്ടിയെന്ന ഭേദമേയുള്ളു. കിനാലൂരിലെന്നപോലെ ഭൂമിയുടെ തുണ്ടുവത്കരണം നടക്കുകയാണ് ചെങ്ങറയിലും. അവിടെ വരാൻ പോകുന്ന സെസ് ഏത് ഉപഗ്രഹനഗരത്തിന്റെ ലേബലിലായിരിക്കും?

ഭൂവുടമാക്രമത്തിലെ അസന്തുലിതത്വങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞ സ്ഥിതിക്കു ഭൂപരിഷ്ക്കരണത്തെ അസാധുവായി പ്രഖ്യാപിക്കുന്നവർ എന്തിനാണ് 16 ന് കലൂരിൽ പട്ടികജാതി കൺവെൻഷൻ സംഘടിപ്പിക്കുന്നത്? എന്തിനാണ് ചങ്ങമ്പുഴയുടെ വാഴക്കുല കൺവെൻഷന്റെ പ്രചാരണാർത്ഥം വരച്ചുവെയ്ക്കുന്നത്? ദലിത് സ്വത്വ വാദത്തിന്റെ പുതിയ പ്രഖ്യാപനവും ഏകോപനവുമാണോ ഉദ്ദേശിക്കുന്നതെന്നും സംശയിക്കാം. ഭൂമിയും കൃഷിയും അസാധുവാക്കി ബോധപൂർവ്വം ഒരുക്കുന്ന ഒരു സാംസ്കാരിക നിക്ഷേപസമാഹരണ വേദിയാണോ ഇത്? ഒരു കാര്യമുറപ്പാണ്. നവലിബറൽ അജണ്ടയുടെ ഭാഗമായുള്ള ഉദാരതാവാദങ്ങളും സ്വത്വപ്രഖ്യാപനങ്ങളും അടിസ്ഥാനാവശ്യങ്ങൾക്കുവേണ്ടിയുള്ള ഏതു സമരത്തെയും വഴിതിരിച്ചുവിടും.

തീർച്ചയാണ്. ഭൂമിക്കുവേണ്ടി സമരം ചെയ്യുന്ന ജനത പട്ടിണികൊണ്ടു വലയുന്നുവെന്ന വസ്തുതയാണ് പുറത്തുവന്നിരിക്കുന്നത്. രക്തം ചീന്താതെ ഒഴിപ്പിക്കാനുള്ള ഹൈക്കോടതി നിർദ്ദേശം നടപ്പാക്കിക്കൊടുക്കുന്നത് പട്ടിണിക്കിട്ടു കൊന്നുകൊണ്ടാവരുതല്ലോ.

തൊഴിലാളികളെയും (അവർ തൊഴിലാളികളാണെങ്കിൽ) ഭൂമിക്കുവേണ്ടി സമരം ചെയ്യുന്നവരെയും തമ്മിലടിപ്പിക്കുന്ന നന്ദിഗ്രാം മോഡൽ പ്രതിരോധം ഉപേക്ഷിച്ചുകൊണ്ട് ഭക്ഷണവും മരുന്നും എത്തിക്കാനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണം. ജീവിച്ചിരിക്കാനുള്ള ജനതയുടെ അടിസ്ഥാനാവകാശം കവർന്നെടുക്കാൻ സർക്കാറിനുമില്ല അധികാരം.

അവലംബം : മാധ്യമം ദിനപത്രം
2008 ആഗസ്റ്റ് 12

● വീണ്ടും വായനയ്ക്ക്

മാധ്യമം ദിനപത്രം, 2008 ആഗസ്റ്റ് 12

**കള നശിപ്പിക്കാൻ റൗണ്ട് അപ്; വിളകൂട്ടാൻ ഹോർമോൺ**

# പൈനാപ്പിളും ഇനി വിഷ ഫലം

പി.കെ. പ്രകാശ്

മലയാളിയുടെ ഇഷ്ടഫലമായ പൈനാപ്പിളിൽ മാരക വിഷം. മധ്യകേരളത്തിലെ പൈനാപ്പിൾ തോട്ടങ്ങൾ രാസവിഷങ്ങളുടെയും മാരക ഹോർമോണുകളുടെയും പരീക്ഷണശാലയായി മാറിയിരിക്കുകയാണ്.

പൈനാപ്പിൾ കൃഷിയിടങ്ങളിലെ കളപറിച്ചുമാറ്റുന്നത് ചെലവേറിയതായതിനാൽ റൗണ്ടപ്പ് പോലുള്ള കളനാശിനികളുപയോഗിച്ച് കള നശിപ്പിക്കുന്ന രീതി വ്യാപകമായിരിക്കുകയാണ്. മണ്ണിൽ ജൈവ വ്യതിയാനങ്ങൾ വരെ സൃഷ്ടിക്കാൻ ശേഷിയുള്ളവയാണ് റൗണ്ടപ്പ് പോലുള്ള കളനാശിനികൾ. ഒരു ചുവട് ചെടിയിൽനിന്ന് പരമാവധി മുളകൾ ഉണ്ടാക്കുന്നതിനും വലുപ്പമേറിയ പൈനാപ്പിളുകൾ ഉണ്ടാക്കുന്നതിനും മാരകഫലമുണ്ടാക്കുന്ന ഹോർമോൺ പ്രയോഗിക്കുന്നുണ്ട്. പ്രധാന പൈനാപ്പിൾ മാർക്കറ്റായ വാഴക്കുളത്തുനിന്ന് മുംബൈ ഉൾപ്പെടെയുള്ള ഉത്തരേന്ത്യൻ നഗരങ്ങളിലേയ്ക്ക് ദിനംപ്രതി നിരവധി ലോഡുകളാണ് കയറിപ്പോകുന്നത്. ഒരു പൂ നെൽകൃഷി ചെയ്തിരുന്ന പാടശേഖരങ്ങളിലും റബർ തോട്ടങ്ങളിലും ഇടവിളയായാണ് പൈനാപ്പിൾ കൃഷിചെയ്യുന്നത്. മാരക കീടനാശിനികൾക്കെതിരെ കർഷകരെ ബോധവത്ക്കരിക്കാൻ കൃഷിഭവനുകൾ വഴി നടപടികളുണ്ടാകുന്നില്ല. കളനാശിനികളുടെയും ഹോർമോണിന്റെയും പ്രയോഗം മൂലം മണ്ണിരയും തവളയും പോലുള്ള മിത്രജീവജാലങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്ന് കർഷകർ സമ്മതിക്കുന്നു.